# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 5948**

**04.11.2016 ൽ മറുപടിയ്ക്ക്**

### ചട്ടഞ്ചാൽ ഹയർ സെക്കൻഡറി സ്കൂൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ | | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ചട്ടഞ്ചാൽ ഹയർ സെക്കൻഡറി സ്കൂൾ മാനേജരായി ആരെയാണ് നിയമിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | റിട്ട് ഹർജി 10936/15 - ലെ 19.05.2015 - ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 09.03.16-ലെ സ.ഉ. (സാധാ) നം. 1059/2016/പൊ.വി.വ. ഉത്തരവു പ്രകാരം ശ്രീ. മൊയ്തീൻകുട്ടി ഹാജി, പട്ടുവത്തിൽ ഹൗസ്, തെക്കിൽ പി.ഒ., കാസർഗോഡ് എന്നവരെയാണ് നിലവിൽ ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂൾ മാനേജരായി നിയമിച്ചിട്ടുള്ളത്. |
| (ബി) | സർക്കാർ ഉത്തരവ് പ്രകാരം മാനേജരെ നിയമിച്ച നടപടിക്ക് എതിരെ കേസ് നിലവിലുണ്ടോ; | (ബി) | 09.03.2016 - ലെ സർക്കാർ ഉത്തരവിന് എതിരായി ശ്രീമതി റുക്കിയാബി 11066/16 നം. റിട്ട് ഹർജി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട കോടതി വിധി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | 11066/2016 നം; റിട്ട് ഹർജിയിൽ 07.09.2016-ൽ വിധിന്യായം പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ കുട്ടികളെ പഠിപ്പിക്കാൻ അധ്യാപകരില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഉത്തരവ് പ്രകാരം നിയമിതനായ മാനേജർ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | കുട്ടികളെ പഠിപ്പിക്കാൻ അധ്യാപകരില്ലാത്ത സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ